പെയിന്റ്.നെറ്റിൽ

# ഒരു 3D ലോഗോ


**ഹരീഷ് എൻ. നമ്പൂതിരി**

വിഷ്വൽ ഡിസൈൻ കൺസൾട്ടന്റ്

ന്യൂവെൻമീഡിയ


---

സ്വതന്ത്ര ഗ്രാഫിക് എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളിൽ ഏറെ ശ്രദ്ധേയമായ ഒരു സോഫ്റ്റ്‌വെയറാണ് പെയിന്റ്.നെറ്റ്. അഡോബി ഫോട്ടോഷോപ്പ്, കോറൽ ഫോട്ടോപെയിന്റ് തുടങ്ങിയവ ഉപയോഗിച്ച് പരിചയിച്ചവർക്ക് ഒരുപക്ഷെ അത്ര എളുപ്പം തൃപ്തി നൽകുന്ന ഒന്നല്ല ഈ സോഫ്റ്റ്‌വെയർ. എന്നാൽ സ്വതന്ത്രമായും സൌജന്യമായും ഉപയോഗിക്കുവാൻ കഴിയുന്ന ഒരു സോഫ്റ്റ്‌വെയർ എന്ന പരിഗണന നൽകിയാൽ, ഒരു സാധാരണ കമ്പ്യൂട്ടർ ഉപഭോക്താവിന്റെ ആവശ്യങ്ങൾക്കുതകുന്നതെല്ലാം ഈ സോഫ്റ്റ്‌വെയറിലുണ്ടെന്നു കാണാം.

ഈ സോഫ്റ്റ്‌വെയർ ഡൌൺലോഡ് ചെയ്യുവാൻ [http://www.getpaint.net/download.html] എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പെയിന്റ്.നെറ്റിൽ തുടക്കത്തിൽ ലഭ്യമാവുന്ന ടൂളുകളും ഓപ്ഷനുകളും ഒരുപക്ഷെ എല്ലാ എഡിറ്റിംഗ് ജോലികൾക്കും ഉതകിയില്ലെന്നു വരാം. സൌജന്യമായി വിവിധ വെബ്സൈറ്റുകളിൽ ലഭ്യമാവുന്ന പ്ലഗിനുകൾ ഇൻസ്റ്റാൾ ചെയ്ത് ഈയൊരു കുറവ് ഒരു പരിധിവരെ മറികടക്കുവാൻ സാധിക്കും. പ്ലഗിനുകൾ ഡൌൺലോഡ് ചെയ്യുവാനായി ഈ പേജ്: [http://www.getpaint.net/redirect/plugins.html] സന്ദർശിക്കുക. ഇവിടെ Align Object, Feather എന്നീ പ്ലഗിനുകൾ കൂടുതലായി ഉപയോഗിച്ചിട്ടുണ്ട്.




ആദ്യമായി 400 പിക്സൽ നീളവും വീതിയുമുള്ള ഒരു പുതിയ ഫയൽ തുറന്നതിനു ശേഷം (പ്രധാനമെനുവിൽ File > New...), 3D ആയി ദൃശ്യമാക്കേണ്ട ലോഗോ ക്യാൻവാസിലേക്ക് ചേർക്കുക. ആവശ്യമുള്ള ടെക്സ്റ്റ് ചുവട്ടിലായി നൽകുക. ചിത്രത്തിൽ കാണുന്ന രീതിയിലാവും ഇപ്പോൾ ക്യാൻവാസ് നമുക്ക് ദൃശ്യമാവുക. ഈ രണ്ട് ലെയറുകളും മെർജ് ചെയ്ത് ഒറ്റ ലെയറായി മാറ്റുകയാണ് അടുത്തപടി. ആദ്യ രണ്ട് ലെയറുകളും ഡ്യൂപ്ലിക്കേറ്റ് ചെയ്തതിനു ശേഷം ലഭ്യമാവുന്ന രണ്ട് ലെയറുകളാണ് ഇവിടെ ഒരുമിപ്പിച്ചിരിക്കുന്നത്. ഓരോ ലെയറിന്റെയും വലതുഭാഗത്തുകാണുന്ന ചെക്ക് ബോക്സ് ഉപയോഗിച്ച് ലെയർ ദൃശ്യമാക്കുകയോ അദൃശ്യമാക്കുകയോ ചെയ്യാവുന്നതാണ്.




ഒരുമിപ്പിച്ച പുതിയ ലെയർ സെലക്ട് ചെയ്ത് (ഇവിടെ Symbol_InfoKairali എന്ന ലെയർ) Rotate/Zoom... എന്ന വിൻഡോ തുറക്കുക. പ്രധാനമെനുവിൽ Layers > Rotate/Zoom... അമർത്തിയോ കീ ബോർഡിൽ Ctrl + Shift + Z അമർത്തിയോ ഈ ഓപ്ഷൻ ലഭ്യമാക്കാവുന്നതാണ്. ആവശ്യമുള്ള വിലകൾ നൽകി ഇഷ്ടമുള്ള രീതിയിൽ ചിത്രം ക്രമീകരിക്കുക. ഈ ലെയർ വീണ്ടും ഡ്യൂപ്ലിക്കേറ്റ് ചെയ്തതിനു ശേഷം മോഷൻ ബ്ലർ ഓപ്ഷൻ തിരഞ്ഞെടുക്കുക.




പ്രധാനമെനുവിൽ Effects > Blurs > Motion Blur... എന്നതാണ് ഈ സാധ്യത. തുറന്നുവരുന്ന ഡയലോഗ് വിൻഡോയിൽ ആവശ്യമുള്ള വിലകൾ നൽകുക. Centered എന്ന ചെക്ക്ബോക്സ് സെലക്ട് ചെയ്യാതിരിക്കുവാൻ ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്പോൾ ഒരു നിഴൽ പോലെയാണ് ചിത്രത്തിൽ 3D കാണപ്പെടുന്നത്. ഇത് അല്പം കൂടി കട്ടികൂട്ടുവാനായി ഈ ബ്ലർ ചെയ്ത ലെയർ 3-4 പ്രാവശ്യം ഡ്യൂപ്ലിക്കേറ്റ് ചെയ്ത് ഒരുമിപ്പിക്കുക.



ചിത്രത്തിൽ കാണുന്നതുപോലെ ഇപ്പോൾ വായിക്കുവാൻ അല്പം പ്രയാസം അനുഭവപ്പെട്ടും, അത് തത്കാലം കാര്യമാക്കേണ്ടതില്ല. അടുത്തതായി ഏറ്റവും മുകളിലെ ലെയർ (Symbol_InfoKairali, ബ്ലർ ചെയ്യാത്തത്) വീണ്ടും ഡ്യൂപ്ലിക്കേറ്റ് ചെയ്യുക. അതിനു ശേഷം താഴെയുള്ള ലെയർ (Symbol_InfoKairali എന്നു തന്നെയായിരിക്കും ഇതിന്റെയും പേര്) ഇൻവേർട്ട് ചെയ്യുക (Ctrl + Shift + I). കീ ബോർഡിലെ ആരോ കീകൾ ഉപയോഗിച്ച് ഈ ലെയർ ഒരു പിക്സൽ താഴോട്ടും ഇടത്തോട്ടും നീക്കുകയും ചെയ്യാവുന്നതാണ്. ഇപ്പോൾ അക്ഷരങ്ങൾക്ക് വ്യക്തത തിരികെ വന്നിട്ടുണ്ടാവും. ചിത്രം ശ്രദ്ധിക്കുക.






വീണ്ടും ഏറ്റവും മുകളിലെ ലെയറിലെത്തി Adjustments > Brightness/Contrast... സെലക്ട് ചെയ്ത് ഒരു ഗ്രേസ്കെയിൽ ചിത്രമാക്കി ഇതിനെ മാറ്റുക. അതിനു ശേഷം Adjustments > Curves... സെലക്ട് ചെയ്ത്, മുകളിലെ കോംബോ ബോക്സിൽ നിന്നും RGB ഉപയോഗിക്കുക. അതിനു ശേഷം ഓരോ ചാനലിനേയും സൂചിപ്പിക്കുന്ന കർവ്വ് വ്യത്യാസപ്പെടുത്തി ആവശ്യമുള്ള നിറം ലഭ്യമാക്കുക.



മുകളിലായി മറ്റൊരു ലെയർ കൂട്ടിച്ചേർക്കുക. ഇതിനെ നമുക്ക് Glare എന്നു വിളിക്കാം. 3D സ്വഭാവം പൂർണ്ണമായും ചിത്രത്തിനു ലഭിക്കുവാനാണ് അടുത്ത ശ്രമം. അതിനായി Line / Curve ടൂൾ സെലക്ട് ചെയ്ത് തിളക്കം ദൃശ്യമാവേണ്ട ഭാഗം വരച്ച് ഫിൽ ചെയ്യുക. Symbol_InfoKairali ലെയറിലെത്തി Magic Wand ടൂൾ ഉപയോഗിച്ച് പുറത്തുള്ള ഭാഗം സെലക്ട് ചെയ്തതിനു ശേഷം, വീണ്ടും Glare ലെയർ സെലക്ട് ചെയ്ത് ആവശ്യമില്ലാത്ത ഭാഗം ഡിലീറ്റ് ചെയ്തു കളയുക.



ഇപ്പോൾ തിളക്കത്തിന്റെ അരികുകൾ ചിത്രത്തിൽ നിന്നും എഴുന്നു നിൽക്കുന്നതായി കാണാം. ചിത്രത്തോട് ലയിച്ച രീതിയിലേക്ക് ഇതു മാറ്റുവാനായി Feather എന്ന ഫിൽറ്റർ ഉപയോഗിക്കുക. ഈ ലിങ്കിൽ നിന്നും [http://boltbait.googlepages.com/feather] ഈ ഫിൽറ്റർ ഡൌൺലോഡ് ചെയ്യാവുന്നതാണ്. അതിനു ശേഷം Gradient ടൂൾ Transparency മോഡിൽ സെലക്ട് ചെയ്തതിനു ശേഷം Glare എന്ന ലെയറിൽ ഉപയോഗിച്ചു നോക്കുക. തൃപ്തികരമായ ഒരു ഫലം ലഭിക്കുന്ന രീതിയിൽ ഗ്രേഡിയന്റിന്റെ തുടക്കവും ഒടുക്കവും ക്രമീകരിക്കുക. ഒരു പറ്റിയ ബാക്ക്ഗ്രൗണ്ട് കൂടി ചേർത്തു കഴിയുമ്പോൾ തുടക്കത്തിൽ ഉപയോഗിച്ച ലോഗോയ്ക്ക് ഒരു 3D സ്വഭാവം വന്നിരിക്കുന്നതായി കാണാം.